## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 4627

25.06.2019-ൽ മറുപടിയ്ക്ക്

### പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ക്ഷേമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ<br>,, വി.ഡി.സതീശൻ<br>,, എ.പി. അനിൽ കുമാർ : | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (എ) കേന്ദ്ര സർക്കാരിന്റെ ബ്ലൂറെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായ ത്തോടെ 200 FRP ബോട്ടുകൾ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിന് കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. പരമ്പ രാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധന രീതികളായ ട്യൂണ ലോങ് ലൈനിംഗ്, ഗിൽ നെറ്റിംഗ്, സ് ക്വിഡ് ജിഗ്ഗിങ് എന്നിവയിൽ ആവശ്യ മായ സാങ്കേതിക പരിശീലനവും സാമ്പത്തിക സഹായവും നൽകുന്ന തിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 100 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ (Tuna long liner) വാങ്ങുന്നതിന് കേന്ദ്ര സർക്കാരിന് പ്രോജക്ട് സമർപ്പിച്ചിട്ടുണ്ട്. ഓഖി ദുരന്ത ബാധിതരായ മത്സ്യത്തൊഴിലാളികൾക്ക് എഫ്.ആർ.പി വള്ളം ഉൾപ്പെടെ 120 മത്സ്യബന്ധന യൂണിറ്റുകൾ സൗജന്യമായി നൽകാൻ നടപടി സ്വീകരിച്ചുവരുന്നു. പരമ്പരാഗത മത്സ്യ ത്തൊഴിലാളികൾക്ക് കടലിൽ മത്സ്യ ബന്ധനത്തിനിടയിൽ സന്ദേശങ്ങൾ കൈമാറുന്നതിന് നാവിക് ഉപകരണം വിതരണം (1500 എണ്ണം) ചെയ്യുന്ന പദ്ധതി, സാറ്റ്ലൈറ്റ് ഫോൺ വിതരണം ചെയ്യുന്ന പദ്ധതി (500 എണ്ണം പരമ്പ രാഗത മത്സ്യത്തൊഴിലാളികൾ ക്കാണ്), ലൈഫ് ജാക്കറ്റ് (40,000 എണ്ണം) വിതരണം ചെയ്യുന്ന പദ്ധതി, തെര ഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളിൽ നിന്ന് മത്സ്യത്തൊഴിലാളി യുവാക്കൾക്ക് പ്രത്യേക പരിശീലനം നൽകി |

| | | | |
|---|---|---|---|
| | | | സീ റസ്ക്യു സ്ക്വാഡ് ആയി നിയമിക്കുന്ന പദ്ധതി എന്നിവയും നടപ്പിലാക്കി വരുന്നു. എൻ.സി.ഡി.സി. ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസനപദ്ധതി എൻ.ബി.സി.എഫ്.ഡി.സി./എൻ.എം.ഡി.എഫ്.സി ടേം വായ്പകൾ, മൈക്രോ ഫിനാൻസ് വായ്പ, മൈക്രോ എന്റർപ്രൈസ്സ് വായ്പ, മത്സ്യ ത്തൊഴിലാളി വനിതകൾക്ക് മത്സ്യ വിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി, ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം, മത്സ്യത്തൊഴിലാളി അപകട ഇൻഷുറൻസ് പദ്ധതി, ഉൽപ്പാദന ബോണസ് പദ്ധതി, നാടൻ വള്ളങ്ങളുടെ യന്ത്രവത്ക്കരണത്തിനുള്ള സബ്സിഡി, വലകൾക്കുള്ള സബ് സിഡി, ബാങ്ക് വായ്പക്കുള്ള സബ് സിഡി, മണ്ണെണ്ണ സബ്സിഡി, മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി, മത്സ്യഫെഡ് ഫിഷ് മാർട്ടുകൾ, അന്തിപച്ച മൊബൈൽ യൂണിറ്റ്, സർക്കാർ സ്ഥാപനങ്ങളിൽ മത്സ്യ വിതരണം തുടങ്ങിയ പദ്ധതികളാണ് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി മത്സ്യഫെഡ് വഴി നടപ്പിലാക്കിയിട്ടുള്ളത്. |
| (ബി) | കഠിനമായ മത്സ്യവരൾച്ചയിൽ നിന്നും അവരെ സംരക്ഷിക്കുവാൻ ഒരു സമ്പാദ്യ പാക്കേജ് നടപ്പിലാക്കുന്ന കാര്യം ആലോചിക്കുമോ; | (ബി) | പഞ്ഞ മാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതി, തണൽ പദ്ധതി എന്നീ പദ്ധതികൾ വഴി ധനസഹായം അനുവദിക്കുന്നുണ്ട്. |
| (സി) | പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന വിവിധതരത്തിലുള്ള മത്സ്യബന്ധന ഉപകരണങ്ങളെ ജി.എസ്.ടി. യിൽ നിന്നും ഒഴിവാക്കുന്ന കാര്യം ജി.എസ്.ടി. കൗൺസിലിനോട് അഭ്യർത്ഥിക്കുമോ; | (സി) | പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന ഔട്ട്ബോർഡ് മോട്ടോറുകളുടെ ജി.എസ്.ടി. പൂർണമായും ഒഴിവാക്കുന്നതിന് ജി.എസ്.ടി. കൗൺസിലിനോട് അപേക്ഷിച്ചിട്ടുണ്ട്. മത്സ്യബന്ധനത്തിനുപയോഗിക്കുന്ന വലകളുടെ ജി.എസ്.ടി. ഇപ്പോൾ 5 ശതമാനമാക്കി കുറച്ചിട്ടുണ്ട്. |
| (ഡി) | മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന ഇന്ധനങ്ങളുടെ സബ്സിഡി പുനരാരംഭിക്കുന്നതിനും പെർമിറ്റ് വഴി നിലവിൽ നൽകുന്ന എണ്ണയുടെ അളവ് വർദ്ധിപ്പിക്കുന്നതിനും കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; വ്യക്തമാക്കാമോ? | (ഡി) | കേന്ദ്രസർക്കാർ പൊതുവിതരണ സമ്പ്രദായം വഴി അനുവദിച്ചിട്ടുള്ള പെർമിറ്റ് വഴി നൽകുന്ന ഇന്ധനങ്ങൾ (എണ്ണകൾ) വിതരണം ചെയ്യുന്നത് സിവിൽ സപ്ലൈസ് വകുപ്പ് വഴിയാണ്. മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന ഇന്ധനങ്ങളായ മണ്ണെണ്ണയും ഡീസലും |

ഉല്പാദന ചെലവിന്റെ അതേ നിരക്കിൽ മത്സ്യഫെഡിന് അനുവദിക്കുന്നതിനും കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെയും അനുകൂലമായ മറുപടി ലഭ്യമായിട്ടില്ല.

**സെക്ഷൻ ഓഫീസർ**